# ഉദ്ഹിയ്യത്തിന്റെ മാഹാത്മ്യം

عَنْ عَائِشَةَ أَنَّ رَسُولَ اللهِ ﷺ قَالَ: مَا عَمِلَ آدَمِي مِنْ يَوْمَ النَّحْرِ أَحَبَّ إِلَى اللهِ مِنْ إِهْرَاقِ الدَّمِ إِنَّهَا لَتَأْتِي يَوْمَ الْقِيَامَةِ بِقُرُونِهَا وَأَشْعَارِهَا وَأَظْلاَفِهَا وَأَنَّ الدَّمَ لَيَقَعُ مِنَ اللهِ بِمَكَانٍ قَبْلَ أَنْ يَقَعَ مِنَ الأَرْضِ فَطِيبُوا بِهَا نَفْسًا

**ആഇശ(റ)യിൽനിന്ന്: റസൂൽ(സ) പറഞ്ഞു: "ബലിദിനത്തിൽ അല്ലാഹുവിന് ബലികർമത്തേക്കാൾ ഇഷ്ടപ്പെട്ട ഒരു മനുഷ്യകർമവുമില്ല. ബലിമൃഗം ഉയിർത്തെഴുന്നേൽപു നാളിൽ അതിന്റെ കൊമ്പുകളും രോമങ്ങളും നഖങ്ങളുമായി ഹാജരാകും. ബലിരക്തം ഭൂമിയിൽ പതിക്കുന്നതിനു മുമ്പ് അല്ലാഹുവിങ്കൽ മഹത്തായ ഒരു സ്ഥാനത്ത് പതിക്കുന്നു. അതിനാൽ നിങ്ങളത് ചെയ്യുക."** (തിർമിദി)

**ഈദുൽ** അദ്ഹായോടനുബന്ധിച്ച് നടത്തപ്പെടുന്ന പ്രബലമായ സുന്നത്താണ് മൃഗബലി അഥവാ ഉദ്ഹിയ്യത്ത്. ഇത് ഹജ്ജ് തീർഥാടകർ മാത്രം നിർവഹിക്കേണ്ട ഒരു കർമമല്ല. കഴിവുള്ള എല്ലാവർക്കും ബാധ്യതയായ ഒരു ഖുർആനിക ആഹ്വാനമാണ്. "നീ നിന്റെ നാഥന് വേണ്ടി നമസ്കരിക്കുക, ബലിയർപ്പിക്കുകയും ചെയ്യുക" (*അൽകൗസർ* 2) എന്ന സൂക്തം അക്കാര്യമാണ് ഉണർത്തുന്നത്. ബലിമൃഗം അല്ലാഹുവിന്റെ ചിഹ്നമാകുന്നുവെന്ന് *അൽഹജ്ജ്* അധ്യായത്തിലെ 36-ാം സൂക്തവും വ്യക്തമാക്കുന്നുണ്ട്. ബലി നിർവഹിക്കുന്നവരുടെ കർമം, മണ്ണിൽ ആ മൃഗത്തിന്റെ ചോര ഇറ്റുന്നതിനു മുമ്പായി അല്ലാഹുവിന്റെ കണക്ക് പുസ്തകത്തിൽ രേഖപ്പെടുത്തപ്പെട്ടിരിക്കുമെന്നാണ് ഈ ഹദീസിന്റെ ഉള്ളടക്കം. ഉദ്ഹിയ്യത്തിന്റെ മാഹാത്മ്യം വിളിച്ചോതുന്ന നിരവധി പ്രവാചക വചനങ്ങളിലൊന്നാണിത്. പ്രവാചകൻ (സ) ബലിപെരുന്നാൾ സുദിനത്തിൽ, സ്വകരങ്ങൾ കൊണ്ട് വെളുപ്പും കറുപ്പും നിറത്തിലുള്ള, കൊമ്പുള്ള രണ്ട് ആടുകളെ അറുത്തതായി മറ്റൊരു ഹദീസിലും കാണാം. അപ്പോൾ അവിടുന്ന് അല്ലാഹുവിന്റെ നാമം ഉച്ചരിക്കുകയും തക്ബീർ മുഴക്കുകയും ചെയ്തു. ബലികർമ നേരത്ത് തക്ബീർ ഉരുവിടുന്നതിലൂടെ അല്ലാഹു നൽകിയതല്ലാത്ത ഒന്നും തന്റെ കൈവശമില്ലെന്ന പ്രഖ്യാപനമാണ് വിശ്വാസി നടത്തുന്നത്. അതിനാലാണ് *അല്ലാഹുമ്മ മിൻക വലക്ക* (അല്ലാഹുവെ ഇത് നിന്നിൽ നിന്നുള്ളതാണ്, നിനക്കുള്ളതുമാണ്) എന്ന് പറയണമെന്നും പ്രവാചകൻ(സ) പഠിപ്പിച്ചത്.

അനുഗ്രഹദാതാവായ അല്ലാഹുവോട് വിശ്വാസിയുടെ കൃതജ്ഞതാ പ്രകടനമാണ് ബലി. പുത്രബലിക്ക് സന്നദ്ധനായ ഇബ്റാഹീ(അ)മിന്റെ ത്യാഗവും അർപ്പണവുമാണത് ഉണർത്തുന്നത്. വിശ്വാസിയുടെ ഈമാനിക കരുത്തിന്റെയും അനുസരണയുടെയും സന്ദേശമാണത് വഹിക്കുന്നത്. സ്വാർഥ താൽപര്യങ്ങളും ഭൗതികനേട്ടങ്ങളും ബലിയർപ്പിക്കാനുള്ള സ്വയംസന്നദ്ധതയുടെ പ്രതീക പ്രവൃത്തി. ഒപ്പം ബലിപെരുന്നാൾ നാളുകളിൽ ആളുകൾക്ക് സമൃദ്ധിയുണ്ടാവണമെന്നും ഇസ്‌ലാം ഉദ്ദേശിക്കുന്നു. അതിനാലാണ് ബലിമൃഗത്തിന്റെ മാംസം മൂന്ന് ഓഹരി വെച്ച് സ്വന്തത്തിന്, ബന്ധുക്കൾക്കും സുഹൃത്തുക്കൾക്കും, ദരിദ്രർക്ക് എന്നിങ്ങനെ വീതിക്കണമെന്ന് പഠിപ്പിക്കപ്പെട്ടത്.

ഇമാം ശാഹ് വലിയ്യുല്ലാഹി ദഹ്‌ലവി *ഹുജ്ജത്തുല്ലാഹിൽ ബാലിഗ*യിൽ എഴുതുന്നു: "ദൈവമാർഗത്തിലുള്ള ആത്മസമർപ്പണവും സഹനവുമാണ് ബലിയുടെ കാതൽ. ഹാജിയോട് താദാത്മ്യപ്പെടുക എന്ന ധർമവും അതിലുണ്ട്. അതുകൊണ്ടാണ് തക്ബീർ ചൊല്ലാൻ കൽപിക്കപ്പെട്ടത്." ജാഹിലീ കാലത്ത് അറബികൾ ബലിമാംസവും മൃഗത്തിന്റെ രക്തവും കഅ്ബയിൽ കാഴ്ചവെച്ചിരുന്നു. ആ അന്ധവിശ്വാസം തിരുത്തികൊണ്ട് വിശുദ്ധ ഖുർആൻ പറഞ്ഞു: "അതിന്റെ മാംസവും രക്തവും അല്ലാഹുവിങ്കലേക്ക് എത്തുകയേ ഇല്ല. പ്രത്യുത നിങ്ങളിലുള്ള ഭക്തിയാണ് അല്ലാഹുവിങ്കലേക്ക് എത്തുക."

പ്രവാചകൻ (സ) പറഞ്ഞു: "സൗകര്യമുണ്ടായിട്ടും ഉദ്ഹിയ്യത്ത് നടത്താത്തവൻ നമ്മുടെ നമസ്കാര സ്ഥലത്തേക്ക് അടുക്കുകയേ വേണ്ട" (ഇബ്നുമാജ, ഹാകിം).

ഉദ്ഹിയ്യത്ത് നടത്താൻ ഉദ്ദേശിക്കുന്നവർ ദുൽഹജ്ജ് മാസം പിറന്നാൽ ശരീരരോമം, നഖം എന്നിവ നീക്കം ചെയ്യാൻ പാടില്ല. ഒറ്റക്കണ്ണ്, പ്രകടമായ രോഗം, മുടന്ത്, മെലിവ് തുടങ്ങി ഗുരുതര ന്യൂനതകളില്ലാത്ത ആട്, മാട്, ഒട്ടകം എന്നിവയെയാണ് ബലി നടത്തേണ്ടത്. ഒരാടിനെ അറുക്കുന്നതിൽ ഒന്നിലധികം പേർ പങ്കുചേർന്നുകൂടാ. മാട്, ഒട്ടകം എന്നിവയുടെ ബലിയിൽ ഏഴു വരെ പേർക്ക് പങ്കാളികളാവാം. പെരുന്നാൾ സുദിനം നമസ്കാര ശേഷമാണ് ബലിക്ക് അനുയോജ്യമായ സമയം. എങ്കിലും ദുൽഹജ്ജ് 13 വരെയും അത് നിർവഹിക്കാവുന്നതാണ്. ■